# മിഷൻഞായർ പ്രാർത്ഥന

## (കുട്ടികൾ മിഷൻ പിരിവിന് വീടുകളിൽ പോകുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥന)

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും
നാമത്തിൽ ആമ്മേൻ.

സർവ്വസൃഷ്ടജാലങ്ങളുടെയും പരിപാലകനായ ദൈവമേ, ഞങ്ങളങ്ങയെ ആരാധിക്കുന്നു.നാളിതുവരെ അങ്ങ് ഞങ്ങൾക്ക് നൽകിയ നിരവധിയായ അനുഗ്രഹങ്ങളെയോർത്ത് ഞങ്ങളങ്ങയോട് നന്ദിപറയുന്നു.വിശക്കുന്നവർക്ക് ആഹാരവും രോഗികൾക്ക് സൗഖ്യവും ദുഃഖിതർക്ക് ആശ്വാസവും ബന്ധിതർക്ക് മോചനവും നല്കിക്കൊണ്ട് അങ്ങ് ഭൂമിയിൽ ആരംഭിച്ച രക്ഷാകരദൗത്യം ലോകമെമ്പാടും എത്തിക്കുവാനായി കഠിനാദ്ധ്വാനംചെയ്യുന്ന എല്ലാ പ്രേഷിതരെയും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കുവാനായി ഈ കുടുംബം നല്കിയ എല്ലാ സഹായങ്ങളുമോർത്ത് ഞങ്ങൾ ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഈ കുടുംബാംഗങ്ങളെയും ഇവരുടെ നിയോഗങ്ങളെയും കൃഷിയിടങ്ങളെയും വളർത്തുമൃഗങ്ങളെയും ഐശ്വര്യത്താൽ നിറയ്ക്കണമേ. നന്മചെയ്യുന്നതിൽ മടുപ്പുതോന്നാതെ വചനത്തിലും പ്രവർത്തിയിലും അങ്ങയെമാത്രം ലക്ഷ്യമാക്കി ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ. ഞങ്ങളെ ഏല്പിച്ചിരിക്കുന്ന കർത്തവ്യത്തിന്റെ ആഴവും അർത്ഥവും മനസ്സിലാക്കി ലോകത്തിന്റെ ദീപവും ഭൂമിയുടെ ഉപ്പുമായിത്തീരുവാൻ ഞങ്ങളെ സഹായിക്കണമെ. ആമ്മേൻ.

തിരുക്കുടുംബമേ........ *ഈ കുടുംബത്തെ അനുഗ്രഹിക്കണമേ*

വി. തോമ്മാശ്ലീഹായെ.... *ഈ കുടുംബത്തിനുവേണ്ടി പ്രാർത്ഥിക്കണമേ*

വി. ഫ്രാൻസീസ് സേവ്യറേ........ „ *പ്രാർത്ഥിക്കണമേ*

വി. കൊച്ചുത്രേസ്യായെ........ „ *പ്രാർത്ഥിക്കണമേ*

വി. അൽഫോൻസാമ്മേ........ „ *പ്രാർത്ഥിക്കണമേ*

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.